(5) സ്ഥലപരിമിതികൾ ഉള്ളതും ആവശ്യത്തിന് അവശ്യ വസ്തുക്കൾ സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതുമായ മാവേലി സ്റ്റോറുകൾ സ്ഥല സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേക്ക് മാറ്റുവാനും നടപടികൾ എടുത്തുവരുന്നു.

(6) 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണവുമുള്ള സൂപ്പർ മാർക്കറ്റുകളാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

സപ്ലൈകോ ഷോപ്പുകളിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ

4 (*101) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. സി. കെ. നാണു : സർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം തടയുന്നതിന് പൊതുവിപണിയിലുള്ള ഇടപെടൽ സപ്ലൈകോ, മാവേലി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഏതു പരിധിവരെ നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സപ്ലൈകോ പൊതുവിതരണ ഷോപ്പുകളിൽ കമ്പോളവിലയിൽ നിന്നും ഗണ്യമായ വിലക്കുറവില്ലാതെ പലവ്യഞ്ജനങ്ങൾ വിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുമൂലം സപ്ലൈകോയിൽ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

(1) നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

(2) പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വീതം വിതരണം ചെയ്യുവരുന്നു.

(3) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(4) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാദ്ധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(5) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പായ്ക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

(6) അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP-യെക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിടകച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(7) പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കുരുമുളക്, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(8) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(10) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനക്ക് വയ്ക്കുന്നത്.

(ബി) ഇല്ല. ഉഴുന്ന് (ബോൾ), വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായ 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% മുതൽ 35% വരെ വില കുറച്ചാണ് വിൽപ്പന നടത്തിവരുന്നത്. കൂടാതെ സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 10% വരെ വിലക്കുറവിലാണ് വിൽപ്പന നടത്തിവരുന്നത്.

(സി) ഇല്ല.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോ വഴി നിത്യോപയോഗ സാധനങ്ങൾ ദൈനംദിനമായി നമ്മുടെ സമൂഹത്തിലേക്ക് എത്തിക്കുമെന്ന് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങളുടെ വില കൂട്ടി. മല്ലിയ്ക്ക് വില 46-ൽ നിന്ന് 60 രൂപയാക്കി ഉയർത്തി. ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 151 രൂപയാക്കി. ഇങ്ങനെ വിലകൂട്ടിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എന്തെങ്കിലും ഒരു ഫലപ്രദമായ ഇടപെടൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടത്തിയിട്ടുണ്ടോ ? ഇത് സാധാരണ ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി 13 ഇനം സാധനങ്ങൾക്ക് സബ്സിഡി ഗവൺമെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഫലപ്രദമായ വിപണിയിടപെടൽ തന്നെ ആ വഴി നടത്തുന്നുണ്ട്. വെളിച്ചെണ്ണയുടെ വിലയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. വെളിച്ചെണ്ണയ്ക്ക് കിലോ ഗ്രാമിന് 139 രൂപയാണ് സപ്ലൈകോ നിശ്ചയിച്ചിരിക്കുന്ന വില.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബാക്കിയുള്ള ഉത്തരം മേശപ്പുറത്തുവച്ചാൽ മതി. ഓർഡർ... ഓർഡർ.... ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly